(സി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ അഡാക്ക് മുഖേന നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർക്കുന്നു.* ഫിർമ മുഖേന കളവാഴ നിർമ്മാർജ്ജനവും ഉപയോഗവും എന്ന പദ്ധതിയിൽ ഉൾപ്പെട്ടുത്തി കളവാഴ നീക്കംചെയ്യൽ, മണ്ണിര കമ്പോസ്റ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികളും "Restoration, Ranching and recruitment of Giant Fresh water Prawn and Etroplus" എന്ന പദ്ധതി പ്രകാരം ആറ്റ്കൊഞ്ച് നിക്ഷേപവും നടപ്പിലാക്കിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യ ഉല്പാദനം, മാതൃകാ മത്സ്യകൃഷിയിടങ്ങൾ, നവീന അക്വാകൾച്ചർ

112 (4447) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും മാതൃകാ കൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിനും നവീന അക്വാകൾച്ചർ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2014-15 ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവച്ചിരുന്നത് ;

(ബി) ഇതിൽ എത്ര തുക ഇതിനായി അനുവദിച്ചു;എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കാനുദ്ദേശിച്ച പദ്ധതികൾ ഏതെല്ലാം ; ഇനിയും നടപ്പിലാക്കാത്തവ ഏതെല്ലാം ?

ഉത്തരം

(എ) ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മാതൃകാ കൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിനും നവീന അക്വാകൾച്ചർ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2014-15 വർഷത്തെ ബഡ്ജറ്റിൽ താഴെപ്പറയും പ്രകാരമാണ് തുക വകയിരുത്തിയിരുന്നത്.

1.	ഇന്നവേറ്റീവ് അക്വാകൾച്ചർ പ്രാക്ടീസസ്	- 500 ലക്ഷം
2.	പൊക്കാളി, കയ്പാട് പാടശേഖരങ്ങളിലെ സംയോജിത മത്സ്യ കൃഷി(മത്സ്യചെമ്മീൻ/നെല്ല്)	- 400 ലക്ഷം
3.	മത്സ്യസമൃദ്ധി പദ്ധതി	- 400 ലക്ഷം
4.	പട്ടിക കുളത്തിലെ മത്സ്യകൃഷി	- 75 ലക്ഷം
5..	മത്സ്യ കർഷക വികസന ഏജൻസി മുഖാന്തിരം മത്സ്യകൃഷി ചെയ്യുന്നതിന്	- 800 ലക്ഷം
6.	പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ	- 250 ലക്ഷം
	ആകെ	- 2425 ലക്ഷം

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പ്രോജക്ട്	ഭരണാനുമതി ലഭിച്ച തുക	ഫണ്ട് അനുവദിച്ചത്	ഫണ്ട് ചെലവഴിച്ചത്
1	ഇന്നവേറ്റീവ് അക്വാകൾച്ചർ പ്രാക്ടീസ്	500	50	50
2	ഇന്റഗ്രേറ്റഡ് ഫാമിംഗ് ഓഫ് ഫിഷ്	400	200	200
3	മത്സ്യ സമൃദ്ധി	400	400	400
4	പടുത കുളത്തിലെ മത്സ്യകൃഷി	75	75	75
5	മത്സ്യ കർഷക വികസന ഏജൻസി	800	800	800
6	പൊതുജലാശയങ്ങളിൽ മത്സ്യ കഞ്ഞുങ്ങളെ നിക്ഷേപിക്കൽ	250	130	130
	ആകെ	2425	1655	1655

(സി) ആലപ്പുഴ, എറണാകുളം ജില്ലകളിലെ പൊക്കാളി നിലങ്ങളിലും തൃശ്ശൂരും കണ്ണൂരും ചെമ്മീൻ/മത്സ്യ കൃഷിയുടെ ഉല്പാദനം വർദ്ധിപ്പിക്കുക, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, നൂതന മത്സ്യകൃഷി സമ്പ്രദായങ്ങൾ മത്സ്യകർഷകരിൽ എത്തിക്കുന്നതിനും ഓരുജല മത്സ്യങ്ങളുടെ ബഹുകൃഷി രീതി, കടൽ മത്സ്യങ്ങളുടെ കൂടുകളിലുള്ള കൃഷി, വനാമി ചെമ്മീന്റെ സൗഹൃദ കൃഷി രീതി എന്നിവയാണ് പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതികൾ, മത്സ്യ സമൃദ്ധി പദ്ധതിയിലൂടെ ശുദ്ധജല മത്സ്യകൃഷി, പാടശേഖരങ്ങളിലെ മത്സ്യ/ചെമ്മീൻ കൃഷി, പൊക്കാളി, കൈപ്പാട് നിലങ്ങളിലെ ചെമ്മീൻ കൃഷി, ഞണ്ട് കൃഷി, കരിമീൻ കൃഷി, അടുക്കള കുളങ്ങൾ, കൂട്/പെൻ കൃഷി ലൈവ് സ്റ്റോക്ക് ഫിഷ് ഫാമുകൾ, ഡെമോൺസ്ട്രേഷൻ ഫാമുകൾ, പടുത കുളത്തിലെ മത്സ്യകൃഷി, പൊതുജലാശയങ്ങളിൽ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ മുതലായവ നടപ്പിലാക്കിവരുന്നു.

തീരദേശ പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

113 (4448) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയിൽ തീരദേശപദ്ധതിയിൽ ഉൾപ്പെടുത്തി എത്ര റോഡുകൾക്കാണ് ഭരണാനുമതി നൽകിയതെന്ന് റോഡ്, പഞ്ചായത്ത്/നഗരസഭ, അടങ്കൽ തുക, തീയതി തിരിച്ച് വിശദമാക്കാമോ ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ബാക്കി പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്തെന്നും പ്രവൃത്തി തിരിച്ച് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly